# ഇന്റർനെറ്റ് കഫേകളെ സുരക്ഷിതമാക്കാനുള്ള സംവിധാനം കേരളത്തിലും

**കൊച്ചി :** സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും ഇന്റർനെറ്റ് കഫേകളുടെ പ്രവർത്തനം സുരക്ഷിതമാക്കുന്നതിനും സഹായിക്കുന്ന പ്രത്യേക സോഫ്റ്റ്‌വെയർ സംവിധാനം കേരളത്തിൽ നിലവിൽ വരുന്നു. ഇതിന്റെ ഉദ്ഘാടനം കൊച്ചിയിൽ ഡപ്യൂട്ടി പോലിസ് കമ്മീഷണർ ജോർജ് വർഗീസ് നിർവഹിച്ചു. മുംബൈ കേന്ദ്രമായ ഐഡിയാക്ട്സ് ഇന്നവേഷൻസ് എന്ന കമ്പനി ക്ലിങ് സൈബർ കഫേ മാനേജർ എന്ന പേരിൽ വികസിപ്പിച്ച സോഫ്റ്റ്‌വെയറാണ് സിറ്റി പോലിസിന്റെ സഹകരണത്തോടെ നഗരത്തിലെ കഫേകളിൽ സ്ഥാപിക്കുക.

ഭീഷണി സന്ദേശങ്ങൾ അയക്കുന്നതു മുതൽ ഭീകരപ്രവർത്തനങ്ങൾക്കുവരെ സൈബർ കഫേകൾ വേദിയാവുന്നു. ക്ലിങ് സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്താൽ സന്ദർശരുടെ ഫോട്ടോ, ഐഡന്റിറ്റികാർഡ്, പേര്, മൊബൈൽ നമ്പർ, എത്തിയ സമയം, സ്ഥലംവിട്ട സമയം തുടങ്ങിയ വിശദാംശങ്ങളെല്ലാം അനായാസം ഡിജിറ്റൽ രൂപത്തിൽ സൂക്ഷിക്കാൻ കഴിയും. ഈ സംവിധാനം സ്ഥാപിച്ച കഫേകളിൽ സന്ദർശകർക്ക് അതിൽ രജിസ്റ്റർ ചെയ്തതിനുശേഷം മാത്രമേ ഇന്റർനെറ്റിലേക്കു കടക്കാൻ കഴിയു. ഇതിനായി സന്ദർശകർക്ക് അഖിലേന്ത്യാ ലോഗിൻ ഐ.ഡിയും നൽകും.

ആവശ്യമായി വരികയാണെങ്കിൽ ഈ വിവരങ്ങൾ പിന്നീട് പരിശോധിക്കാൻ സാധിക്കും. ഇന്ത്യയിലെ ഇന്റർനെറ്റ് ഉപഭോക്താക്കളിൽ 47 ശതമാനവും കഫേകളെയാണ് ആശ്രയിക്കുന്നതെന്നതിനാൽ അവയെ സുരക്ഷിതമാക്കേണ്ടത് സുപ്രധാനമാണെന്ന് ഐ.ഡിയാക്ട് ഇന്നവേഷൻസിന്റെ സൗത്ത് ആന്റ് ഈസ്റ്റ് ഓപറേഷൻസ് തലവൻ കൃഷ്ണസ്വാമി ചൂണ്ടിക്കാട്ടി.

കൊച്ചി സൈബർ സെൽ സബ് ഇൻസ്പെക്ടർ ഫ്രാൻസിസ് പെരേരയും സംസാരിച്ചു.